പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1196 — 08.02.2013ൽ മറുപടിയ്ക്ക്

## മലയാള സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ മലയാള സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ 2012 നവംബർ 1 ന് മലയാള സർവ്വകലാശാല ഔപചാരികമായി നിലവിൽ വന്നു. 01.01.2013 ലെ സ.ഉ(കൈ) നം.1/2013/ഉ.വി.വ. പ്രകാരം മലയാള സർവ്വകലാശാല ജനറൽ കൗൺസിൽ / നിർവാഹക സമിതി എക്സ് ഒഫീഷ്യോ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രഥമ നിർവ്വാഹക സമിതി യോഗം 11.01.2013 ന് ചേർന്നിട്ടുണ്ട്. |
| ബി ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുവാനും ഗവേഷണം ചെയ്യുവാനും സർവ്വകലാശാല പ്രത്യേക പരിഗണന നൽകുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | ബി ഭാഷയിലും സംസ്കാരത്തിലുമുള്ള സാരവത്തായ പഠനത്തിനും ഗവേഷണത്തിനും കളമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് മലയാള സർവ്വകലാശാല രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഭാഷാവിജ്ഞാന കോശത്തിൽ മലയാളഭാഷാ ചരിത്രവും, ഭാഷാവിജ്ഞാനവും, ലിപി പഠനവും, |

| | | | |
|---|---|---|---|
| | | | സംസ്കൃത - തമിഴ് - പൈതൃകവും, ശാസ്ത്ര പൈതൃകവും, വായ്മൊഴി - വരമൊഴി പാരമ്പര്യവും പഠനവിധേയമാക്കുന്നുണ്ട്.സാംസ്കാരിക പഠനാലയത്തിൽ പ്രധാനമായും കേരളത്തിന്റെ സാംസ്കാരിക നരവംശശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ, പ്രാദേശിക പഠനങ്ങൾ എന്നിങ്ങനെ വിവിധ കോഴ്സുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നാട്ടറിവുകൾ, പഴമൊഴികൾ, ആചാരങ്ങൾ, ഒരു ജനതയുടെ മതപരവും മതേതരവുമായ സാംസ്കാരിക വിശ്വാസങ്ങൾ, അന്യം നിന്നുപോയതും ജനങ്ങളുടെ വൈകാരികമായ ആവശ്യങ്ങൾ നിറവേറ്റിപ്പോന്നതുമായ ഉത്സവങ്ങൾ,, സമകാലിക ജീവിതം വരുത്തുന്ന മാറ്റങ്ങൾ എന്നിവയൊക്കെ സൂക്ഷ്മമമായി രേഖപ്പെടുത്തുന്നതിനും പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമുള്ള കോഴ്സുകൾ പൈതൃക പഠന കോശത്തിന്റെ കീഴിൽ ആരംഭിക്കുന്നതാണ്. |
| സി | ഈ സാമ്പത്തിക വർഷം സർവ്വകലാശാലയുടെ പ്രവർത്തനത്തിന് എന്ത് തുക അനുവദിച്ചു ; | സി | 50 ലക്ഷം രൂപ |
| ഡി | പ്രസ്തുത സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും | ഡി | മലയാളഭാഷയും സാഹിത്യവും മാത്രമല്ല കേരളത്തിന്റെ വൈജ്ഞാനിക - സാംസ്കാരിക മേഖലകളെക്കുറിച്ചുള്ള |

| | | | |
|---|---|---|---|
| | എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; | | ഗൗരവപൂർണ്ണമായ പഠന ഗവേഷണങ്ങൾക്ക് സൗകര്യങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി മലയാള ഭാഷയെ കമ്പ്യൂട്ടർ - ഇന്റർനെറ്റ് സാങ്കേതികമേഖലയുമായി സംയോജിപ്പിക്കുന്നതിനുള്ള ഗവേഷണ സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ആദ്യ വർഷം 360 വിദ്യാർത്ഥികൾക്കും 30 ഗവേഷണ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ | യു.ജി.സി സഹായത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഇ | മലയാള സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ, യു.ജി.സി സഹായത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ